**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2462** | **12-10-2021 - ൽ മറുപടിയ്ക്ക്**

**കോട്ടയം ജില്ലയിലെ ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കോട്ടയം ജില്ലയിൽ എത്ര ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളാണ് നിലവിലുള്ളതെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കുമോ; | (എ) | കോട്ടയം ജില്ലയിൽ പൊതുമേഖലാ സ്ഥാപനമായ സിഡ്കോയുടെ ഉടമസ്ഥതയിൽ ഏറ്റുമാനൂർ, ചങ്ങനാശ്ശേരി എന്നീ 2 മേജർ വ്യവസായ എസ്റ്റേറ്റുകളും, അയർകുന്നം, നാട്ടകം, പാമ്പാടി എന്നീ 3 മിനി വ്യവസായ എസ്റ്റേറ്റുകളും തിരുവാർപ്പ് വ്യവസായ പാർക്കും നിലവിലുണ്ട്. വ്യവസായ വാണിജ്യ ഡയറക്ടറേറ്റിനു കീഴിൽ പൂവൻതുരുത്ത്, ആതിരമ്പുഴ, വൈക്കം എന്നീ 3 വ്യവസായ വികസന പ്ലോട്ടുകളും നിലവിലുണ്ട്. |
| (ബി) | ഇവയിൽ എത്ര വ്യവസായ യൂണിറ്റുകളാണ് പ്രവർത്തനം ഇല്ലാതെ കിടക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | സിഡ്കോയുടെ ഉടമസ്ഥയിലുള്ള വ്യവസായ എസ്റ്റേറ്റുകളിൽ 3 യൂണിറ്റുകൾ പ്രവർത്തനമില്ലാതെ കിടക്കുന്നു. |
| (സി) | പ്രവർത്തിക്കാതെ കിടക്കുന്ന വ്യവസായ യൂണിറ്റുകളിൽ പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ? | (സി) | നാട്ടകം മിനി വ്യവസായ എസ്റ്റേറ്റിലെ പ്രവർത്തിക്കാതെ കിടക്കുന്ന 2 യൂണിറ്റുകൾ തിരിച്ചെടുത്ത് സ്റ്റീൽ ഫർണിച്ചർ യൂണിറ്റ് ആരംഭിക്കുന്നതിനായി മറ്റൊരു സംരംഭകന് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പാമ്പാടി മിനി വ്യവസായ എസ്റ്റേറ്റിലെ ഒരു യൂണിറ്റ് കോടതി അറ്റാച്ച് ചെയ്തിട്ടുള്ളതാണ്. കേസ് തീർപ്പാകുന്ന മുറയ്ക്കേ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ